2024
FEBRUARY
05
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഏക സിവിൽ കോഡിലേക്ക് ഉത്തരാഖണ്ഡ്; റിപ്പോർട്ടിന് അംഗീകാരം നൽകി മന്ത്രിസഭ

**ഡെറാഡൂൺ:** ഉത്തരാഖണ്ഡ് ഏക സിവിൽ കോഡിലേക്ക്. വിദഗ്ധ സമിതി റിപ്പോർട്ടിന് മന്ത്രിസഭായോഗം അംഗീകാരം നൽകി. ഫെബ്രുവരി അഞ്ചിന് ചേരുന്ന നിയമസഭയുടെ പ്രത്യേക സമ്മേളനത്തിൽ ഏക സിവിൽ കോഡ് ബിൽ അവതരിപ്പിച്ചേക്കുമെന്നാണു റിപ്പോർട്ട്. ഏക സിവിൽ കോഡ് നടപ്പാക്കുന്നതിനുള്ള കരട് റിപ്പോർട്ട് സർക്കാർ നിയോഗിച്ച സമിതി വെള്ളിയാഴ്ചയാണു മുഖ്യമന്ത്രി പുഷ്കർ സിങ് ധാമിക്ക് കൈമാറിയത്.

സുപ്രീംകോടതി മുൻ ജഡ്ജി രഞ്ജന പ്രകാശ് ദേശായിയുടെ നേതൃത്വത്തിലുള്ള അഞ്ചംഗ സമിതിയാണ് റിപ്പോർട്ട് തയാറാക്കിയത്. ഉത്തരാഖണ്ഡിൽ ഏക സിവിൽ കോഡ് നടപ്പാക്കുമെന്നത് 2022ലെ തിരഞ്ഞെടുപ്പു പ്രകടനപത്രികയിൽ ബിജെപിയുടെ പ്രധാന വാഗ്ദാനങ്ങളിൽ ഒന്നായിരുന്നു. സർക്കാർ അധികാരമേറ്റതിനു പിന്നാലെ ഇതിനായി പ്രത്യേകം സമിതിയെ നിയോഗിച്ചു. ബിൽ പാസായാൽ സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ ഏക സിവിൽ കോഡ് നടപ്പാക്കുന്ന ആദ്യ സംസ്ഥാനമായി ഉത്തരാഖണ്ഡ് മാറും.

ഗോവയിൽ പോർച്ചുഗീസ് ഭരണകാലം മുതൽക്കുതന്നെ ഏക സിവിൽ കോഡ് നിലവിലുണ്ട്. വിവാഹമോചനം, പൈതൃകസ്വത്ത് കൈമാറ്റം തുടങ്ങിയ കാര്യങ്ങളിലെല്ലാം ജാതി, മത, സാമുദായിക വേർതിരിവില്ലാതെ എല്ലാ പൗരന്മാർക്കും ഒരേ രീതിയിൽ നിയമം ബാധകമാവുന്ന സംവിധാനമാണ് ഏക സിവിൽ കോഡ്.

# സാമ്പത്തിക പ്രതിസന്ധിക്ക് കാരണം കേരളത്തിന്റെ ഗുരുതരവീഴ്ച

## സുപ്രീം കോടതിയിൽ കേന്ദ്ര സർക്കാർ

**ന്യൂഡൽഹി:** കേരളത്തിന്റെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം സംസ്ഥാന സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ പിടിപ്പുകേടെന്ന് വ്യക്തമാക്കി കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ. കേരളത്തിന്റേത് അതീവ മോശം ധനമാനേജമെന്റ് ആണെന്ന് കേന്ദ്രം കുറ്റപ്പെടുത്തി. എടുക്കുന്ന കടം ശമ്പളവും പെൻഷനും ഉൾപ്പടെയുള്ള ദൈനംദിന പ്രവർത്തനങ്ങൾക്ക് സംസ്ഥാനം ചെലവഴിക്കുന്നുവെന്നും കേന്ദ്രം പറയുന്നു. കിഫ്ബിക്ക് സ്വന്തമായ വരുമാനസ്രോതസ്സ് ഇല്ലെന്നും കേന്ദ്രം സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കുറിപ്പിൽ വ്യക്തമാക്കി. കടമെടുപ്പ് പരിധി വെട്ടിക്കുറച്ച കേന്ദ്ര നിലപാടിന് എതിരെ കേരളം നൽകിയ സ്യൂട്ട് ഹർജിയിലാണ് കോടതിയെ കേന്ദ്രം നിലപാടറിയിച്ചത്.

സംസ്ഥാന ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ നിയമസഭയിൽ ബജറ്റ് പ്രസംഗം നടത്താൻ പോകുന്നതിന്റെ തൊട്ടുമുമ്പാണ് കേരളത്തിലെ ധനകാര്യ സ്ഥിതി സംബന്ധിച്ച വിശദീകരണം അടങ്ങുന്ന കുറിപ്പ് കേന്ദ്രം സുപ്രീം



കോടതിക്ക് കൈമാറിയത്. അടിയന്തരമായി കടമെടുക്കാൻ അനുവദിക്കണമെന്ന കേരളത്തിന്റെ ആവശ്യം സംസ്ഥാന ബജറ്റിന് മുമ്പ് കോടതി പരിഗണിക്കണമെന്ന് കേരളം നേരത്തെ സുപ്രീം കോടതിയോട് ആവശ്യപ്പെട്ടിരുന്നു.

ധനകാര്യ കമ്മീഷനുകൾ ശുപാർശ ചെയ്തതിനേക്കാൾ തുക കേരളത്തിന് കൈമാറിയിട്ടുണ്ടെന്നാണ് കേന്ദ്രം സുപ്രീം കോടതിക്ക് കൈമാറിയ കുറിപ്പിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നത്. അർഹതപ്പെട്ട കേന്ദ്രനികുതി, ധനകമ്മി ഗ്രാന്റുകൾ, കേന്ദ്ര പദ്ധതികളുടെ പണം എന്നിവ സംസ്ഥാനത്തിന് കൈമാറിയിട്ടുണ്ടെന്നാണ് കേന്ദ്രസർക്കാർ വ്യക്തമാക്കുന്നത്. ഉയർന്ന കടബാധ്യതയുള്ള സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളം. 2018 19ൽ സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന്റെ 31 ശതമാനത്തിലധികമായിരുന്നു കടം. 2021 22 ആയപ്പോൾ ഈ തുക 39 ശതമാനമായി ഉയർന്നു. ദേശീയ ശരാശരി 29.8 ശതമാനം മാത്രമാണെന്നും കേന്ദ്രസർക്കാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചതിനേക്കാൾ കൂടുതൽ പണം നൽകിയിട്ടുണ്ടെന്നും കടമെടുപ്പ് പരിധി ഉയർത്താവില്ലെന്നും എജി മുഖേന ധനകാര്യമന്ത്രാലയം സമർപ്പിച്ച കുറിപ്പിൽ വ്യക്തമാക്കുന്നു. സംസ്ഥാന ബജറ്റ് നാളെ അവതരിപ്പിക്കാനിരിക്കെയാണ് കേരളത്തെ പഴിചാരിയുള്ള 46 പേജുള്ള കുറിപ്പ് കേന്ദ്രം നൽകിയത്.

പഞ്ചാബിനും ബംഗാളിനുമൊപ്പം രാജ്യത്തെ ഏറ്റവും മോശം ധനകാര്യമാനേജ്മെന്റുള്ള സംസ്ഥാനമാണ് കേരളം. 2018 2019ൽ കടമെടുപ്പ് ജിഡിപിയുടെ 31 ശതമാനമായിരുന്നെങ്കിൽ 2021 22 ൽ 39 ശതമാനമായി ഉയർന്നെന്ന് കുറ്റപ്പെടുത്തുന്നു.

## സംസ്ഥാന ബജറ്റ് ഇന്ന്

**തിരുവനന്തപുരം** രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ പരമാവധി വരുമാനം കണ്ടെത്താനും തിരഞ്ഞെടുപ്പു മുന്നിൽക്കണ്ട് ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാനും ലക്ഷ്യമിടുന്ന സംസ്ഥാന ബജറ്റ് ഇന്ന്. രാവിലെ 9ന് മന്ത്രി കെ.എൻ.ബാലഗോപാൽ ബജറ്റ് അവതരിപ്പിക്കും. ബാലഗോപാലിന്റെ നാലാമത്തെ ബജറ്റാണിത്. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അടക്കം വിവിധ വിഭാഗങ്ങൾക്കു നൽകാനുള്ള കുടിശികയുടെ ഒരു പങ്ക് എങ്കിലും ബജറ്റിൽ പ്രഖ്യാപിക്കുമെന്നാണു പ്രതീക്ഷ. സാമ്പത്തിക ബുദ്ധിമുട്ടുമൂലം നട്ടം തിരിയുന്ന സർക്കാരിൽ നിന്ന് ഒന്നും പ്രതീക്ഷിക്കേണ്ടാത്ത ബജറ്റാകും ഇത്.

## കൊച്ചിയിൽനിന്ന് കൂടുതൽ ലക്ഷദ്വീപ്, ഗൾഫ് സർവീസുകൾ; യാത്രാനിരക്ക് കുറയും

**കൊച്ചി:** തിരക്കേറിയ റൂട്ടുകളിൽ കൂടുതൽ സർവീസുകൾ ഏർപ്പെടുത്താനും പ്രാദേശിക റൂട്ടുകൾ തുടങ്ങാനുമുള്ള കൊച്ചിൻ ഇന്റർനാഷനൽ എയർപോർട്ട് ലിമിറ്റഡിന്റെ (സിയാൽ) നീക്കത്തിന് എയർലൈനുകളിൽ നിന്ന് മികച്ച പ്രതികരണം. ലക്ഷദ്വീപിലെ അഗത്തിയിലേക്കുള്ള വിമാനസർവീസുകളുടെ എണ്ണം ഇരട്ടിയാകും. ഗൾഫിലെ പല നഗരങ്ങളിലേക്കും കൂടുതൽ സർവീസുകൾ നടത്തും. വിമാനങ്ങളുടെ എണ്ണം കൂടുന്നത് ടിക്കറ്റ് നിരക്ക് ഗണ്യമായി കുറയ്ക്കും.

നിലവിൽ ഇന്ത്യയിൽ ലക്ഷദ്വീപിലെ അഗത്തിയിലേക്ക് കൊച്ചിയിൽനിന്നു മാത്രമാണ് വിമാന സർവീസുള്ളത്. അലയൻസ് എയർ ആഴ്ചയിൽ ഏഴു സർവീസ് ഇവിടേക്കു നടത്തുന്നുണ്ട്. അത് ഒൻപത് ആകും. കൂടാതെ ഏപ്രിൽ മുതൽ ഇൻഡിഗോയും അഗത്തിയിലേക്ക് സർവീസ് നടത്തുമെന്ന് അറിയിച്ചിട്ടുണ്ട്. ബെംഗളൂരുവിലേക്ക് നിലവിൽ പ്രതിവാരം 97 സർവീസുകളുണ്ട്. ഇൻഡിഗോയും എയർ ഇന്ത്യ എക്സ്പ്രസും ആകാശ് എയറും 14 പ്രതിവാര സർവീസുകൾ അധികമായി നടത്തും. ഇതോടെ കൊച്ചിബെംഗളൂരു സെക്ടറിൽ പ്രതിദിനം ശരാശരി 16 വിമാനങ്ങൾ സർവീസ് നടത്തും. ഹൈദരാബാദിലേക്ക് 54ലും ഡൽഹിയിലേയ്ക്ക് 77ഉം മുംബൈയിലേ



യ്ക്ക് 80ഉം പ്രതിവാര സർവീസുകളുണ്ട്. എയർ ഇന്ത്യ എക്സ്പ്രസ് ഹൈദരാബാദിലേക്കും എയർ ഇന്ത്യ മുംബൈ, ഡൽഹി എന്നിവിടങ്ങളിലേയ്ക്കും അധിക സർവീസുകൾ തുടങ്ങുന്നുണ്ട്. അലയൻസ് എയറിന്റെ കണ്ണൂർ, തിരുപ്പതി, മൈസൂർ പ്രാദേശിക സർവീസുകളും ഉടനെ ആരംഭിക്കും.

അബുദാബി, ദുബായ്, ഷാർജ എന്നിവയടങ്ങിയ യുഎഇ മേഖലയിലേക്ക് നിലവിൽ കൊച്ചിയിൽ നിന്ന് 114 സർവീസുകളുണ്ട്. അബുദാബിയിലേക്ക് എത്തിഹാദും എയർ അറേബ്യയും അധിക സർവീസുകൾ നടത്തുമെന്ന് അറിയിച്ചിട്ടുണ്ട്. ബാങ്കോക്കിലെ ഡോൺ മുവാങ് വിമാനത്താവളത്തിലേക്ക് നിലവിൽ എയർ ഏഷ്യ 7 പ്രതിവാര സർവീസുകൾ നടത്തുന്നുണ്ട്. മാർച്ച് 31ന് തായ് എയർവേസിന്റെ പ്രീമിയം വിമാന സർവീസ് ബാങ്കോക്കിലെ സുവർണഭൂമി വിമാനത്താവളത്തിലേയ്ക്ക് ആഴ്ചയിൽ 3 സർവീസുകൾ നടത്തും.



# അയോധ്യ: മുഖ്യമന്ത്രിയുടെ നടപടി സത്യപ്രതിജ്ഞാ ലംഘനം: വിശ്വഹിന്ദു പരിഷത്ത്

**കൊച്ചി:** അയോധ്യയിൽ പള്ളി പൊളിച്ച് ക്ഷേത്രം നിർമ്മിച്ചുവെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന ഭരണഘടനാ വിരുദ്ധവും സത്യപ്രതിജ്ഞാ ലംഘനവുമാണെന്ന് വിശ്വഹിന്ദുപരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി പറഞ്ഞു.

മതപ്രീണനം ലക്ഷ്യമിട്ടാണ് മുഖ്യമന്ത്രി ഇത്തരത്തിൽ പ്രസ്താവന നടത്തിയത്. അയോധ്യയിൽ ആദ്യമുണ്ടായിരുന്ന ക്ഷേത്രം പൊളിച്ച് പള്ളിയാക്കിയതു പുനസ്ഥാപിക്കുകയാണ് അവിടെ ചെയ്തത്. ഇന്ത്യയിലെ പരമോന്നത നീതി പീഠമായ സുപ്രിം കോടതിയുടെ അനുവാദത്തോടെ നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ക്ഷേത്രം പുനർനിർമ്മിച്ചത്. ഇതിനെ ചോദ്യം ചെയ്യുന്ന നടപടിയാണ് മുഖ്യമന്ത്രിയുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്.

ഒരു സംസ്ഥാനത്തിന്റെ ഭരണത്തലവനിൽ നിന്നും ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത വിധത്തിലുള്ള ജനാധിപത്യ വിരുദ്ധമായ പ്രസ്താവനയാണ് മുഖ്യമന്ത്രി നടത്തിയിരിക്കുന്നത്. പ്രസ്താവന തിരുത്താൻ മുഖ്യമന്ത്രി തയ്യാറായില്ലെങ്കിൽ നിയമനടപടി സ്വീകരിക്കുന്നതുൾപ്പെടെയുള്ള നടപടികളുമായി വിശ്വഹിന്ദു പരിഷത്ത് മുന്നോട്ടു പോകുമെന്നും വിജി തമ്പി വ്യക്തമാക്കി.

# ആധാർ ഹൗസിംഗ് ഫിനാൻസ് ഐപിഒയ്ക്ക്

**കൊച്ചി:** ആധാർ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 1000 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 4000 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സമാഹരിക്കുന്ന തുക ഭാവി മൂലധന ആവശ്യങ്ങൾക്കും പൊതു കോർപറ്റേറ്റ് ആവശ്യങ്ങൾക്കുമാണ് ഉപയോഗിക്കുകയെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, സിറ്റി ഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, നോമുറ ഫിനാൻഷ്യൽ അഡ്വൈസറി, സെക്യൂരിറ്റീസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# കുഫോസ് എസ്.സി/എസ്.ടി. വിഭാഗ ശാക്തീകരണ പദ്ധതികൾ നടപ്പിലാക്കുന്നു

**കൊച്ചി:** കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല (കുഫോസ്) ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ശാക്തീകരണ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനായി അപേക്ഷ ക്ഷണിച്ചു.

മേൽ വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്കും, വ്യക്തികൾക്കും അപേക്ഷിക്കാവുന്ന വിവിധതരം പദ്ധതികളാണ് കുഫോസ് നടപ്പിലാക്കുന്നത്.

ഫിഷറീസിനും മറ്റു കാർഷിക മേഖലക്കും മുൻഗണന നൽകുമെങ്കിലും മറ്റു ള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. ഉന്നത ഉദ്യോഗം ലക്ഷ്യംവെക്കുന്ന അഭ്യസ്തവിദ്യരായ ഉദ്യോഗാർഥികൾക്കുള്ള പരിശീനപരിപാടി, പട്ടികവിഭാഗത്തിലെ സ്കൂൾ / കോളേജ് വിദ്യാർത്ഥികളുടെ വ്യക്തിവികാസത്തിനും ഉയർച്ചക്കും വേണ്ടിയുള്ള പരിശീലന പരിപാടികൾ, സ്വയംതൊഴിലിനും സംരംഭങ്ങൾ തുടങ്ങുന്നതിനുമുള്ള പരിശീലനവും സഹായവും കൊടുക്കുന്ന പദ്ധതികൾ, ഈ വിഭാഗക്കാരുടെ ജീവിത പ്രതിസന്ധികൾ പരിഹരിക്കാനുള്ള പരിപാടികൾ എന്നിവയാണ് ഇതിലൂടെ ഗുണഭോക്താക്കൾക്ക് ലഭിക്കുകയെന്ന് പ്രൊജക്റ്റിന്റെ ചുമതലയുള്ള ഫിഷറീസ് ഫാക്കൽറ്റി ഡീനും, നോഡൽ ഓഫീസറുമായ ഡോ.ദിനേശ് കൈപ്പിള്ളി അറിയിച്ചു.

താൽപര്യമുള്ളവർ പേര്, വിലാസം, ഉൾപ്പെടുന്ന വിഭാഗം, വാർഷിക വരുമാനം, ആധാർ നമ്പർ, തല്പരമായ മേഖല തുടങ്ങിയ വിവരങ്ങളോടെ എത്രയും വേഗം 7994903650/7397015822/7025197567/എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടണം.

മേൽപറഞ്ഞ വിവരങ്ങൾ വാട്സ്ആപ്പ് ആയും അയക്കാവുന്നതാണ്. അവസാന തീയതി ഫെബ്രുവരി 15.



# രോഗനിർണ്ണയത്തിന് ലോകോത്തര സാങ്കേതിക വിദ്യകളുമായി അഗാപ്പെ

**കൊച്ചി:** കേരളത്തിലെ പ്രമുഖ ഡയഗ്നോസ്റ്റിക് ടെക്നോളജി ബ്രാൻഡായ അഗാപ്പെ, തദ്ദേശീയമായി നിർമ്മിച്ച എച്ച്. എക്സ് സീരീസ് ഹെമറ്റോളജി ഉപകരണവും എ.ഇ പവർഡ് ഇമ്മ്യൂണോളജി ക്ലിയ അനലൈസർ മിസ്പ ഐ 200 വിപണിയിലെത്തിച്ചു. പുതിയ ഉപകരണങ്ങളുടെ പ്രദർശനോത്ഘാടനം വ്യവസായ മന്ത്രി പി. രാജീവിന്റെയും പി.വി. ശ്രീനിജൻ എം.എൽ.എയുടെയും സാന്നിധ്യത്തിൽ നടന്നു.

ന്യൂക്ലിക് ആസിഡ് ഫ്‌ലൂറസെൻസ് സ്റ്റെയിനിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഹെമറ്റോളജി അനലൈസറുകളിലെ അതിനൂതന ശ്രേണിയാണ് എച്. എക്സ് സീരീസ് ഒത50, ഒത58, ഒത80, ഒത88 എന്നിവ.ബ്ലഡ് കൗണ്ട്, ഹീമോഗ്ലോബിൻ, പ്ലേറ്റ്ലെറ്റ് കൗണ്ട്, ഉൾപ്പടെ നിരവധി നിർണായക പരിശോധനകൾ വഴി വിവിധ രോഗാവസ്ഥകൾ കണ്ടെത്തുന്നതിന് ഇത് സഹായിക്കും. വിസ്മയിപ്പിക്കുന്ന വേഗത്തിലും കൃത്യതയിലും രക്തപരിശോധനകൾ ഓട്ടോമേറ്റ് ചെയ്യുന്നതിലൂടെ ലബോറട്ടറി പ്രവർത്തനങ്ങളെ പുതിയ തലത്തിലെത്തിക്കുന്നതാണ് ഈ യന്ത്രങ്ങൾ. മിസ്പ ശ200 ആധുനിക വൈദ്യശാസ്ത്രത്തിന് മുതൽകൂട്ടാവുന്ന സുപ്രധാനമായ കണ്ടുപിടുത്തമാണ്. ഹോർമോണുകൾ, കാൻസർ മാർക്കറുകൾ, കാർഡിയാക് മാർക്കറുകൾ, സാംക്രമിക രോഗങ്ങൾ, ന്യൂറോ ഡിസോർഡറുകൾ, ഓട്ടോ ഇമ്മ്യൂൺ ബയോ മാർക്കറുകൾ തുടങ്ങി വിവിധ ബയോ മാർക്കറുകളും അവയുടെ അളവും കണ്ടെത്തുന്ന ഉപകരണമാണിത്.

ഹെൽത്ത് കെയർ ഡയഗ്നോസ്റ്റിക് മേഖലയിൽ ലോകോത്തര മെഡിക്കൽ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിൽ രാജ്യം നേടിയ പുരോഗതിയുടെ ഭാഗമാകാൻ കഴിഞ്ഞത് അഭിമാനകരമാണെന്ന് അഗാപ്പെ തയ്യാറെടുക്കുകയാണെന്ന് മാനേജിംഗ് ഡയറക്ടർ തോമസ് ജോൺ പറഞ്ഞു.

# ആൽഫ ഹോസ്പീസ് നിർമാണോദ്ഘാടനം ഇന്ന്

**തൃശൂർ:** ഒരേസമയം 190 പേർക്ക് പാലിയേറ്റീവ് കെയർ കിടത്തിചികിത്സയും അനുബന്ധ സംവിധാനങ്ങളുമായി ലോകത്തിനു മാതൃകയാകുന്ന ആൽഫ ഹോസ്പീസിൻറെ നിർമാണത്തിന് ആൽഫ പാലിയേറ്റീവ് കെയറിൻറെ എടമുട്ടത്തെ ആസ്ഥാനത്ത് ഇന്ന് തുടക്കം കുറിക്കും. രാവിലെ 9.30ന് ആൽഫ പാലിയേറ്റീവ് കെയർ ചെയർമാൻ കെ.എം.നൂർദീൻറെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ തൃശൂർ ജില്ലാ കളക്ടർ കൃഷ്ണ തേജ ഐ.എ.എസ്. നിർമാണോദ്ഘാടനം നിർവഹിക്കും. പാലിയേറ്റീവ് കെയർ രംഗത്ത് ചലനശേഷി പരിമിതപ്പെട്ടവർക്ക് ഫിസിയോതെറാപ്പി പരിചരണത്തിന് തുടക്കംകുറിച്ച ആൽഫ, വൃക്കകളുടെ പ്രവർത്തനം തകരാറിലായവരുടെ ജീവിതത്തിൻറെ ഗുണനിലവാരം ഉയർത്തുന്നതിന് ഡയാലിസിസും ദീർഘകാല പരിചരണം ആവശ്യമായവർക്ക് കെയർഹോം പരിചരണവും ഉൾപ്പെടുത്തി പാലിയേറ്റീവ് പരിചരണത്തെ പുനർനിർവചിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും ആൽഫ ഹോസ്പീസ് ഇതിൻറെയെല്ലാം മികവിൻറെ കേന്ദ്രമായിരിക്കുമെന്നും ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ജീവിതാന്ത്യ പരിചരണം നൽകാൻ 50 ഹൈ ഡിപ്പൻറൻസി മുറികൾ, കഴുത്തിനുകീഴെ തളർന്ന ഫിസിയോതെറാപ്പി പരിചരണം ആവശ്യമുള്ള 140 പേരെ പ്രവേശിപ്പിക്കാവുന്ന 70 മുറികൾ, 140 ബെഡുകളുള്ള ഫിസിയോതെറാപ്പി ട്രീറ്റ്മെൻറ് സെൻറർ, 32 മെഷീനുകളുള്ള ഡയാലിസിസ് സെൻറർ, 36 മുറികളുള്ള കെയർഹോം എന്നിവയും നൂതന പരിശോധനാ ചികിത്സാ സംവിധാനങ്ങളും ആൽഫ ഹോസ്പീസിൽ ഉണ്ടാകും.കഴിഞ്ഞ 18 വർഷത്തിനിടയിൽ 56492 പേരെ പരിചരിച്ചതിൽനിന്നുള്ള അനുഭവങ്ങൾ ഉൾക്കൊണ്ടാണ് ആൽഫ ഹോസ്പീസ് തയ്യാറാക്കുന്നതെന്നും അന്ത്യദിനങ്ങൾ അസഹനീയവും അന്തസ്സില്ലാത്തതുമെന്ന ഭീതിയിൽനിന്നുള്ള മോചനം കൂടി ആൽഫ ഹോസ്പീസ് ലക്ഷ്യമിടുന്നുണ്ടെന്നും ഭാരവാഹികൾ പറഞ്ഞു.

ആൽഫ പാലിയേറ്റീവ് കെയർ ചെയർമാൻ കെ.എം.നൂർദീൻ, ട്രസ്റ്റി രവി കണ്ണമ്പിള്ളിൽ, ആൽഫ ഹോസ്പീസ് എക്സിക്യൂട്ടീവ് കൗൺസിൽ പ്രസിഡൻറ് ബാബു പാനികുളം, സെക്രട്ടറി റഷീദ് ആതിര, കമ്യൂണിറ്റി ഡയറക്ടർ സുരേഷ് ശ്രീധരൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു

# കാൻസർ; വാക്സിനുകളും പരിശോധനകളും






**ഡോ: ദിലീപ് ഹരീന്ദ്രൻ വള്ളത്തോൾ**
കൺസൾട്ടന്റ്, മെഡിക്കൽ ഓങ്കോളജി, ആസ്റ്റർ മെഡ്സിറ്റി, കൊച്ചി

രോഗനിർണയത്തിലും ചികിത്സയിലും ഏറെ പുരോഗതിയുണ്ടായിട്ടും ഇന്നും ലോകത്ത് ഏറ്റവും കൂടുതൽ മനുഷ്യജീവനുകളെ അപഹരിക്കുന്നത് കാൻസറുകളാണ്. ഓരോ വർഷവും കാൻസർ ബാധിക്കുന്നവരുടെ എണ്ണവും അതുമൂലമുണ്ടാകുന്ന മരണങ്ങളും കൂടിവരികയാണ്. ഹൃദ്രോഗം കഴിഞ്ഞാൽ ഏറ്റവുമധികം ആളുകൾ മരിക്കുന്നത് കാൻസർ മൂലമാണ്. നിർഭാഗ്യവശാൽ വളരെ വൈകി മാത്രമേ കാൻസർ കണ്ടുപിടിക്കപ്പെടുന്നുള്ളു. ഇക്കാരണത്താലാണ് കാൻസർ ബാധിച്ചുള്ള മരണസംഖ്യ ഉയർന്നുനിൽക്കുന്നത്.ഏറ്റവും ലളിതമായി പറഞ്ഞാൽ നമ്മുടെ ശരീരത്തിലെ കോശങ്ങളുടെ അസാധാരണവും അനിയന്ത്രിതവുമായ വളർച്ചയാണ് കാൻസർ. ഇതൊരു പുതിയ രോഗമല്ല. അതിപുരാതനകാലം മുതൽ ഈ രോഗം മനുഷ്യകുലത്തിന് വെല്ലുവിളിയായിട്ടുണ്ട്. കാർസിനോമ എന്ന ഗ്രീക്ക് പദമാണ് പിന്നീട് ക്യാൻസറായി മാറിയത്. മാരകമായ മുഴ എന്നാണ് ഗ്രീക്കുഭാഷയിൽ ഇതിന്റെ അർത്ഥം. പണ്ടുകാലത്ത് കാൻസർ മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് പകരുമെന്ന തെറ്റിദ്ധാരണയുണ്ടായിരുന്നു. പത്തോ ഇരുപതോ വർഷം മുൻപ് വരെ കാൻസർ വന്നാൽ മരണം ഉറപ്പെന്ന ചിന്തയും നിലനിന്നിരുന്നു. എന്നാൽ തുടക്കത്തിലേ കണ്ടെത്തി, കൃത്യമായ ചികിത്സ കിട്ടിയാൽ ഈ രോഗത്തെ വരുതിയിലാക്കാൻ കഴിയും. ഒപ്പം,രോഗത്തിന് കാരണമായേക്കാവുന്ന സാഹചര്യങ്ങൾ ഒഴിവാക്കി ക്യാൻസറിനെ അകറ്റിനിർത്തുകയും ചെയ്യാം. ചില കാൻസറുകൾ ചെറുക്കാൻ ഫലപ്രദമായ വാക്സിനുകളും ഇന്ന് ലഭ്യമാണ്.ഏതാണ്ട് ഇരുന്നൂറിലധികം കാൻസറുകൾ മനുഷ്യരെ ബാധിക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൽ 70 %കാൻസറുകളുടെയും കാരണം ഇന്ന് നമുക്കറിയാം. ഈ കാരണങ്ങളെ ജീവിതത്തിൽ നിന്ന് ഒഴിവാക്കിയാൽ കാൻസറുകളിൽ ഭൂരിഭാഗവും വരാതെ നോക്കാൻ നമുക്കാവും. പുകവലി, മദ്യപാനം, തെറ്റായ ഭക്ഷണക്രമം അമിതവണ്ണം, വ്യായാമക്കുറവ്, ചില വൈറസ് ബാധകൾ തുടങ്ങിയവകാൻസറിന് കാരണമാകാറുണ്ട്. ചുരുക്കിപറഞ്ഞാൽ ഇന്നു കാണുന്ന കാൻസർ രോഗങ്ങളിൽ മൂന്നിലൊന്നും ശരിയായ ആരോഗ്യ പരിപാലനം വഴി മാത്രം നമുക്ക് നിയന്ത്രിക്കാനാകും. എങ്കിലും നമ്മുടെ നിയന്ത്രണത്തിലല്ലാത്ത കാരണങ്ങൾ കൊണ്ടും കാൻസർ വരാം.

## കാൻസർ കണ്ടുപിടിക്കാനുള്ള വഴികൾ

അർബുദത്തിന്റെ ലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആദ്യഘട്ടത്തിൽ സ്കാനിങ്ങാണ് രോഗനിർണയത്തിന് ഉപയോഗിക്കുന്നത്. ആ പരിശോധനകളുടെ ഫലത്തിൽ സംശയം തോന്നിയാൽ പിന്നെ രോഗം സ്ഥിരീകരിക്കുന്നതിനായി കൂടുതൽ വിശദമായ പരിശോധനകൾ ആവശ്യമാണ്. ബയോപ്സി പരിശോധനയാണ് ഇതിൽ ഒഴിച്ചുകൂടാനാവാത്തത്. അസുഖം സംശയിക്കുന്ന ഭാഗത്തേക്ക് സൂചിയിറക്കി കാൻസർ കോശങ്ങൾ വലിച്ചെടുത്തോ മുറിച്ചെടുത്തോ പരിശോധന നടത്തും. എൻഡോസ്കോപ്പി എന്ന ലഘുവായ പരിശോധനയിലൂടെ അസുഖമുള്ള ഭാഗത്തുനിന്ന് നേരിട്ടും സാമ്പിൾ പരിശോധനയ്ക്കായി എടുക്കാം..ഒരേ സമയം രക്ഷകനും ശിക്ഷകനുമാണ് റേഡിയേഷൻ അഥവാ അണുവികിരണം. കാൻസറിനു കാരണമാകുന്ന റേഡിയേഷൻ തന്നെയാണ് കാൻസർ ചികിത്സിക്കാനും ഉപയോഗിക്കുന്നത്. നിസാരരോഗങ്ങൾക്ക് വരെ സിടി സ്കാൻ ഉൾപ്പെടെയുള്ള റേഡിയേഷൻ പരിശോധനകൾ ഇന്ന് പലയിടത്തും രോഗികൾക്ക് എഴുതിനൽകാറുണ്ട്. ഏറ്റവും അത്യാവശ്യഘട്ടങ്ങളിൽ മാത്രം ഉപയോഗിക്കേണ്ട പരിശോധനകളാണ് എക്സ്റേയും സിടി സ്കാനുമെല്ലാം.

## മാമോഗ്രാം

40 വയസ് കഴിഞ്ഞ സ്ത്രീകളിൽ പലതരത്തിലുള്ള കാൻസറുകൾ വരാനുള്ള സാധ്യത കൂടുതലാണ്. ഇവ നേരത്തെ കണ്ടുപിടിക്കാൻ നമ്മെ സഹായിക്കുന്ന ഒരു പരിശോധനയാണ് മാമ്മോഗ്രാം. ഓരോ രണ്ടുവർഷം കൂടുമ്പോഴും 40 വയസ് പിന്നിട്ട സ്ത്രീകൾ മാമ്മോഗ്രാം പരിശോധന നടത്തുന്നത് അഭികാമ്യമാണ്. സ്ത്രീകളിൽ ഏറ്റവുമധികം റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്തനാർബുദം വളരെ നേരത്തെ കണ്ടുപിടിക്കാൻ ഇത് സഹായിക്കും.

## പാപ്സ്മിയർ

മുപ്പതു വയസ്സുകഴിഞ്ഞ പ്രസവിച്ച സ്ത്രീകൾ രണ്ടുവർഷത്തിലൊരിക്കലോ ഡോക്ടർ നിർദേശിക്കുന്ന സമയത്തോ പാപ് സ്മിയർ പരിശോധനയ്ക്കു വിധേയരാകണം. ഗർഭാശയഗള കാൻസർ വർഷങ്ങൾക്കു മുമ്പു തന്നെ കണ്ടുപിടിക്കാൻ ഈ ലളിതമായ പരിശോധന സഹായിക്കും. നേരത്തെ കണ്ടെത്തി ചികിൽസിച്ചാൽ ഈ കാൻസറിനെ പൂർണമായും ഭേദമാക്കാൻ കഴിയും.

## പുരുഷന്മാർക്ക് പിഎസ്എ

മൂത്രതടസം, പ്രോസ്റ്റേറ്റ് ഗ്രന്ഥിവീക്കത്തിന്റെ ഭാഗമായ ബുദ്ധിമുട്ടുകൾ എന്നിവയുള്ള പുരുഷന്മാർ വർഷത്തിൽ ഒരിക്കലെങ്കിലും പിഎസ്!എ അഥവാ പ്രോസ്റ്റേറ്റ് സ്പെസിഫിക്ക് ആന്റിജൻ പരിശോധന നടത്തണം. ഇതൊരു രക്തപരിശോധനയാണ്. പ്രോസ്റ്റേറ്റ് കാൻസർ ഉണ്ടോയെന്ന് കണ്ടെത്തുകയാണ് ലക്ഷ്യം.

## കാൻസറിനെ പ്രതിരോധിക്കുന്ന വാക്സിനുകൾ

ഗർഭാശയഗള കാൻസറിനെ തടയാൻ ഇന്ന് ഫലപ്രദമായ പ്രതിരോധ കുത്തിവെയ്പ് ലഭ്യമാണ്. ഈ കാൻസറിനു കാരണമാകുന്ന ഹ്യൂമൻ പാപ്പിലോമ വൈറസിനെ പ്രതിരോധിക്കാൻ ഈ വാക്സിന് ശേഷിയുണ്ട്.

യോനിയിലും ഗർഭപാത്രത്തിലും മലദ്ധ്വാരത്തിലും കാൻസറിന് കാരണമാകുന്ന വൈറസാണിത്. എന്നാൽ ഈ വൈറസ് ശരീരത്തിൽ പ്രവേശിച്ചു കഴിഞ്ഞതിന് ശേഷം വാക്സിനെടുത്താൽ പ്രയോജനമില്ല. ഒമ്പതിനും 26നും ഇടയിലുള്ള സ്ത്രീകളിലാണ് വാക്സിൻ ഏറ്റവും ഫലപ്രാപ്തി നൽകുന്നത്.കരളിൽ കാൻസറിന് കാരണമാകുന്ന ഹെപ്പറ്റൈറ്റിസ് ബി വാക്സിനും ഇപ്പോൾ ലഭ്യമാണ്.

■



# കാൻസർ വളരെ നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിന് പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാന ആരോഗ്യ വകുപ്പ് എല്ലാ ജില്ലകളിലും പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ ആരംഭിക്കുന്നതാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാക്കാൻ കഴിയുന്നതാണ് പ്രിവന്റീവ് ഓങ്കോളജി. തുടക്കത്തിൽ ആശുപത്രികളിൽ ഗൈനക്കോളജി വിഭാഗത്തോടനുബന്ധിച്ചാണ് ഈ ക്ലിനിക്കുകൾ ആരംഭിക്കുന്നത്. സ്ത്രീകൾക്ക് ഉണ്ടാകുന്ന സ്തനാർബുദം, വായിലെ കാൻസർ, ഗർഭാശയഗള കാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ആരംഭിക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പുറമേ രോഗലക്ഷണങ്ങൾ ഒന്നുംതന്നെ ഇല്ലാതെയെത്തുന്ന സ്ത്രീകൾക്ക് പരിശോധനയ്ക്ക് വിധേയമാകാവുന്നതാണ്. ഭാവിയിൽ സ്ത്രീകളിലെ കാൻസർ കണ്ടുപിടിക്കുന്നതിനുള്ള എച്ച്.പി.വി. സ്ക്രീനിംഗ്, പ്രതിരോധത്തിനുള്ള എച്ച്.പി.വി. വാക്സിനേഷൻ എന്നിവയും ഈ ക്ലിനിക്കിലൂടെ സാധ്യമാകുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

എല്ലാ വർഷവും ഫെബ്രുവരി നാലാം തീയതിയാണ് ലോക കാൻസർ ദിനമായി ആചരിക്കപ്പെടുന്നത്. 'ഇഹീലെ വേല ഇമ്യ ല ഏമു' എന്നതാണ് ഈ വർഷത്തെ ക്യാൻസർ ദിന സന്ദേശം. കാൻസർ ചികിത്സയിലുള്ള വിടവ് നികത്തുക, എല്ലാവർക്കും കാൻസർ ചികിത്സയിൽ തുല്യമായ അവകാശം എന്നിവയാണ് ഇതിലൂടെ അർത്ഥമാക്കുന്നത്.

കാൻസർ പരിചരണത്തിനും ചികിത്സയ്ക്കും സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. നവകേരള കർമ്മ പദ്ധതി ആർദ്രം മിഷനിൽ പ്രധാന പദ്ധതികളിലൊന്നാണ് കാൻസർ പരിചരണം. കാൻസർ രോഗികളുടെ വർധനവ് മുന്നിൽ കണ്ട് അവരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനായി സംസ്ഥാനത്ത് കാൻസർ കൺട്രോൾ സ്ട്രാറ്റജി നടപ്പിലാക്കിയിട്ടുണ്ട്. അധികദൂരം യാത്ര ചെയ്യാതെ കാൻസർ ചികിത്സ ലഭ്യമാക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് 3 അപ്പെക്സ് കാൻസർ സെന്ററുകൾക്ക് പുറമേ 5 മെഡിക്കൽ കോളേജിലും സമഗ്ര കാൻസർ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ 25 ജില്ലാതല ആശുപത്രികളിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യമൊരുക്കിയിട്ടുണ്ട്. കൃത്യമായ കാൻസർ ചികിത്സ ഉറപ്പാക്കാൻ സ്റ്റാന്റേർഡ് ട്രീറ്റ്മെന്റ് ഗൈഡ്‌ലൈൻ പുറത്തിറക്കി. ചികിത്സ ഏകോപിപ്പിക്കാനായി ജില്ലാതല കാൻസർ കമ്മിറ്റിയും പ്രവർത്തിക്കുന്നു. ചികിത്സയും രോഗനിർണയവുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളേയും ഉൾപ്പെടുത്തി മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് എല്ലാ സർക്കാർ കാൻസർ ചികിത്സാ കേന്ദ്രങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. ഇത് മറ്റ് സർക്കാർ ആശുപത്രികളിൽ വ്യാപിപ്പിക്കുന്നതാണ്.

കാൻസർ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനായി ആർദ്രം ജീവിതശൈലി രോഗ നിർണയ കാമ്പയിന്റെ ഭാഗമായി 30 വയസിന് മുകളിലുള്ള 1.53 കോടിയിലധികം പേരുടെ വാർഷികാരോഗ്യ പരിശോധന നടത്തി. ഇതിലൂടെ കാൻസർ സംശയിച്ചവർക്ക് പരിശോധനയും ചികിത്സയും ഉറപ്പാക്കി. ഇതുവരെ 9 ലക്ഷത്തിലേറെ പേരെ കാൻസർ സ്ക്രീനിംഗിന് റഫർ ചെയ്തു. ഇതിൽ 41,000 പേരെ വദനാർബുദം, 79,000 പേരെ സ്തനാർബുദം, 96,000 പേരെ ഗർഭാശയഗളാർബുദം എന്നിവ പരിശോധിക്കാനായി റഫർ ചെയ്തു.

കേരളത്തിലെ എംസിസിയിലേയും ആർസിസിയിലേയും ജനസംഖ്യാധിഷ്ഠിത കാൻസർ രജിസ്ട്രി കണക്കുകൾ പ്രകാരം പുരുഷൻമാരിൽ ശ്വാസകോശ കാൻസറും സ്ത്രീകളിൽ സ്തനാർബുദവുമാണ് കൂടുതലായി കണ്ടു വരുന്നത്. തെക്കൻ ജില്ലകളിൽ പുരുഷൻമാരിൽ പ്രോസ്റ്റേറ്റ് കാൻസറും സ്ത്രീകളിൽ തൈറോയ്ഡ് കാൻസറും വടക്കൻ ജില്ലകളേക്കാൾ കൂടുതലായി കണ്ടുവരുന്നു. വടക്കൻ ജില്ലകളിൽ ആമാശയ കാൻസർ തെക്കൻ ജില്ലകളേക്കാൾ കൂടുതലായും കണ്ടു വരുന്നുണ്ട്.

കാൻസർ അവബോധത്തിനായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ബോധവത്ക്കരണം ശക്തിപ്പെടുത്തുകയും രോഗ നിർണയ സംവിധാനങ്ങളൊരുക്കുകയും ചെയ്യും.

താലൂക്ക്തല ആശുപത്രികളിൽ ബയോപ്സി ഉൾപ്പെടെയുള്ള സൗകര്യമൊരുക്കും. രോഗികളെ ചികിത്സയ്ക്കായി വളരെ ദൂരം യാത്ര ചെയ്യിക്കാതിരിക്കാൻ റഫറൽ പാത്ത് വേ രൂപീകരിക്കും. ഇതിലൂടെ തൊട്ടടുത്തില്ലാത്ത സങ്കീർണ ചികിത്സകൾക്ക് മാത്രം അപെക്സ് കാൻസർ സെന്ററിലേക്ക് പോയാൽ മതിയാകും. ഈ പ്രക്രിയ സുഗമമാക്കുന്നതിന് കാൻസർ കെയർ സ്യൂട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഇവ ഏകോപിപ്പിക്കാൻ കേരള കാൻസർ ഗ്രിഡും രൂപീകരിച്ചിട്ടുണ്ട്.

കാൻസറിന്റെ മൂന്നും നാലും സ്റ്റേജിലാണ് പലരും ചികിത്സയ്ക്കായി എത്തുന്നത്. അതിനാൽ തന്നെ സങ്കീർണതകളും കൂടുന്നു. നേരത്തെ കാൻസർ കണ്ടെത്തി ചികിത്സ ഉറപ്പാക്കിയാൽ ഫലപ്രദമായി ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കും.



# എല്ലാ ലൈബ്രറികളിലും കമ്പ്യൂട്ടർ സൗകര്യം ഉറപ്പാക്കും: മന്ത്രി ബിന്ദു

**തൃശൂർ:** എല്ലാ ലൈബ്രറികളിലും കമ്പ്യൂട്ടർ സൗകര്യം ഉറപ്പാക്കുമെന്ന് മന്ത്രി ബിന്ദു. സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ ലൈബ്രറി സോഫ്റ്റ്‌വെയർ, സോഫ്റ്റ്‌വെയർ പരിശീലന ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ഗ്രന്ഥശാലകൾക്ക് സാമൂഹിക ജീവിതത്തിൽ വലിയ സ്വാധീനമാണുള്ളത്. സാക്ഷരതാ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തി സാമൂഹിക മാറ്റത്തിനും വൈജ്ഞാനിക സമൂഹത്തിന്റെ മുന്നേറ്റത്തിനും ലൈബ്രറികൾ സ്വാധീനിച്ചു. ചരിത്രം തിരുത്തി എഴുതപ്പെടുന്ന കാലത്ത് ലൈബ്രറികളുടെ ഉത്തരവാദിത്തങ്ങൾ വലുതാണ്. സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള ഡിജിറ്റലൈസേഷൻ നടപ്പാക്കി റെപ്പോസിറ്ററി സേവനങ്ങളും ലൈബ്രറികളിൽ ഒരുക്കണമെന്നും മന്ത്രി പറഞ്ഞു.

ലൈബ്രറി പ്രസ്ഥാനത്തെ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായാണ് ഏകീകൃത വെബ് ആപ്ലിക്കേഷൻ 'പബ്ലിക്' ഒരുക്കിയത്. വെബ്സൈറ്റ് വഴി ഏതൊരാൾക്കും പുസ്തകങ്ങൾ തിരഞ്ഞ് കണ്ടെത്താനും നെറ്റ് വർക്കിംഗ് വഴി എല്ലാ ലൈബ്രറികളെയും ഒരു കാറ്റലോഗിന് കീഴിൽ കൊണ്ടുവരാനും സാധിക്കും. സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനൊപ്പം അടുത്ത ഘട്ടങ്ങളിൽ ലൈബ്രറികളെ കമ്മ്യൂണിറ്റി സെന്ററുകൾ, കമ്മ്യൂണിറ്റി റേഡിയോ, ലൈബ്രറി വിക്കി, കോ വർക്കിംഗ് സ്പേസ് ബുക്കിങ് സേവനങ്ങളും ഉറപ്പാക്കും. പബ്ലിക് സോഫ്റ്റ്‌വെയറിന്റെ മാസ്റ്റർ ട്രെയിനർമാർക്കുള്ള പരിശീലനം ഫെബ്രുവരി മൂന്ന് മുതൽ അഞ്ചു വരെ കിലയിൽ നടക്കുകയാണ്. ഗ്രാന്റ് നൽകുന്ന 7200 ലൈബ്രറികളിൽ 4400 ലൈബ്രറികളിൽ കമ്പ്യൂട്ടർ സേവനമുണ്ട്. എല്ലാ ലൈബ്രറികളിലും കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനായി എംഎൽ എ ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, സി എസ് ആർ ഫണ്ട് എന്നിവ പ്രയോജനപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും നടന്നുവരികയാണ്.

മുളങ്കുന്നത്തുകാവ് കിലയിൽ നടന്ന പരിപാടിയിൽ മുരളി പെരുനെല്ലി എം എൽ എ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി എസ് പ്രിൻസ്, സംസ്ഥാന ലൈബ്രറി കൗൺസിൽ സെക്രട്ടറി വി കെ മധു, വൈസ് പ്രസിഡന്റ് എ പി ജയൻ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം തങ്കം തുടങ്ങിയവർ പങ്കെടുത്തു.

## സംസ്ഥാനത്തെ 4 നഗരങ്ങളിലെ ഫുഡ് സ്ട്രീറ്റുകൾ ആധുനികവത്ക്കരിക്കുന്നു

**തിരുവനന്തപുരം:** മോഡണൈസേഷൻ ഓഫ് 100 ഫുഡ് സ്ട്രീറ്റ്സ് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 4 നഗരങ്ങളിലെ ഫുഡ് സ്ട്രീറ്റുകൾ ആധുനികവത്ക്കരിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. തിരുവനന്തപുരം ശംഖുമുഖം, ഇടുക്കി മൂന്നാർ, എറണാകുളം കസ്തൂർബാ നഗർ, കോഴിക്കോട് ബീച്ച് എന്നിവിടങ്ങളിലാണ് ആദ്യ ഘട്ടത്തിൽ ഫുഡ് സ്ട്രീറ്റുകൾ ആധുനികവത്ക്കരിക്കുന്നത്. ഈ ഫുഡ് സ്ട്രീറ്റുകളുടെ നവീകരണത്തിനായി ഒരു കോടി രൂപയുടെ വീതം ഭരണാനുമതി നൽകി. കേന്ദ്ര, സംസ്ഥാന ഫണ്ടുപയോഗിച്ചാണ് പദ്ധതി യാഥാർത്ഥ്യമാക്കുന്നത്. സുരക്ഷിത ഭക്ഷണം ഉറപ്പാക്കാനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രധാന നഗരങ്ങളിൽ ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്ബ് നടപ്പിലാക്കി വരുന്നുണ്ട്. ഫുഡ് സ്ട്രീറ്റുകളിൽ നിന്നും ലഭിക്കുന്ന ഭക്ഷണത്തിന്റെ സുരക്ഷിതത്വവും ശുചിത്വവും ഉറപ്പാക്കുകയാണ് മോഡണൈസേഷൻ ഓഫ് ഫുഡ് സ്ട്രീറ്റ്പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിൽ പ്രവർത്തിക്കുന്ന ഫുഡ് സ്ട്രീറ്റുകൾ പദ്ധതിയിലൂടെ കൂടുതൽ മികവുറ്റതാക്കും. ഭക്ഷണത്തിലൂടെ ഉണ്ടാകുന്ന രോഗങ്ങൾ കുറച്ച് പൊതുജനാരോഗ്യം വർധിപ്പിക്കുന്നതിനൊപ്പം പ്രാദേശിക തൊഴിൽ മേഖലയെ ശക്തിപ്പെടുത്താനും പദ്ധതിയിലൂടെ സാധിക്കും. സംസ്ഥാനത്തിന്റെ തനത് ഭക്ഷണങ്ങൾ ലഭ്യമാക്കുക വഴി ഫുഡ് ടൂറിസം മേഖലയിൽക്കൂടി പദ്ധതി മുതൽക്കൂട്ടാകും.

സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലാ ഭരണകൂടത്തിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ ശംഖുമുഖത്തുള്ള ഫുഡ് സ്ട്രീറ്റാണ് നവീകരിക്കുന്നത്. നിർമ്മിതി കേന്ദ്രത്തിനാണ് നിർമ്മാണച്ചുമതല. എറണാകുളത്ത് കസ്തൂർബ നഗറിൽ ജി.സി.ഡി.എ. സഹകരണത്തോടെയും ഇടുക്കിയിലെ മൂന്നാറിൽ പഞ്ചായത്തിന്റെ സഹകരണത്തോടെയും കോഴിക്കോട് ബീച്ചിൽ കോർപ്പറേഷന്റെ സഹകരണത്തോടെയുമാണ് നവീകരണം പൂർത്തിയാക്കുന്നത്.

ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും വിൽപന കേന്ദ്രങ്ങൾ പ്രവർത്തിക്കുക. ഫോസ്ടാക് പരിശീലനം ലഭിച്ച ജീവനക്കാരുടെ സേവനം ഉറപ്പാക്കും. ഭക്ഷ്യ സുരക്ഷയോടൊപ്പം പരിസര ശുചിത്വത്തിനും പ്രാധാന്യം നൽകും. കൃത്യതയോടെയുള്ള മാലിന്യ സംസ്കരണ സംവിധാനവും കേന്ദ്രങ്ങളിൽ സജ്ജീകരിക്കും.

പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നവീകരണം വേഗത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. രണ്ട് മാസത്തിനുള്ളിൽ തന്നെ നവീകരണം പൂർത്തിയാക്കി ഫുഡ് സ്ട്രീറ്റുകൾ തുറക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും സഹകരണം പദ്ധതിക്കുണ്ട്.



# ഇടുക്കി അണക്കെട്ടിലെ സുരക്ഷാവീഴ്ച: വിനോദസഞ്ചാരികൾക്ക് വിനയായി

**ചെറുതോണി:** ഇടുക്കി അണക്കെട്ടിലെ സുരക്ഷാവീഴ്ച വിനോദ സഞ്ചാരികൾക്കും വിനോദ മേഖലയ്ക്കും ഇരുട്ടടിയായി. ഇടുക്കി, ചെറുതോണി അണക്കെട്ടുകളുടെ സുരക്ഷാ ക്രമീകരണത്തിൽ ഉദ്യോഗസ്ഥർക്കുണ്ടായ വീഴ്ചയുടെ പേരിൽ വിനോദ സഞ്ചാരികൾക്ക് വിലക്കേർപ്പെടുത്തിയതിൽ പ്രതിഷേധം ശക്തമാകുകയാണ്.

ഏഷ്യയ്ക്കുതന്നെ അഭിമാനമായ ഇടുക്കി പദ്ധതിയുടെ ഭാഗമായ ഇടുക്കി, ചെറുതോണി അണക്കെട്ടിലാണ് കഴിഞ്ഞവർഷം സന്ദർശകർക്ക് വിലക്കേർപ്പെടുത്തിയത്. ഓണം, ക്രിസ്മസ്, പുതുവത്സരാഘോഷകാലത്ത് വർഷങ്ങളായി പൊതുജനങ്ങൾക്ക് സന്ദർശനാനുമതി ഉണ്ടായിരുന്നു. സന്ദർശകരുടെ തിരക്കേറിയതോടെ ശനി, ഞായർ ദിവസങ്ങളിലും സന്ദർശകർക്ക് അണക്കെട്ടിൽ സന്ദർശനാനുമതി നൽകി.

ഇതോടെ ജില്ലാ ആസ്ഥാനത്തേക്ക് വിദേശികൾ ഉൾപ്പെടെയുള്ള സന്ദർശകരുടെ വലിയ പ്രവാഹമായിരുന്നു. കഴിഞ്ഞവർഷം മലപ്പുറം സ്വദേശിയായ ഒരാൾ ചെറുതോണി അണക്കെട്ടിൽ കടന്ന് സെക്യൂരിറ്റിക്കാരുടെ കണ്ണുവെട്ടിച്ച് വിവിധ സ്ഥലങ്ങളിൽ താഴിട്ടു പൂട്ടുകയും ഷട്ടറിൻറെ ഇരുമ്പു വടത്തിൽ ദ്രാവകം ഒഴിക്കുകയും ചെയ്തു.

ഇത് വൻ സുരക്ഷാവീഴ്ചയായി കണക്കാക്കി ഇവിടെ സന്ദർശന വിലക്ക് ഏർപ്പെടുത്തുകയായിരുന്നു. അണക്കെട്ടിലെ സുരക്ഷാ വിഭാഗത്തിൻറെ വീഴ്ചയ്ക്ക് പൊതുജനങ്ങളെ ബലിയാടാക്കുന്ന സമീപനമാണ് പിന്നീടുണ്ടായത്.

സുരക്ഷാവീഴ്ചയുടെ പേരിൽ സുരക്ഷാ ചുമതലയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർക്കും ഡാമിലെ താത്കാലിക ജീവനക്കാർക്കുമെതിരേ ശിക്ഷണ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ, മാസങ്ങൾ പിന്നിട്ടിട്ടും അണക്കെട്ടിൽ അതിക്രമം കാണിച്ച വ്യക്തിയെ കസ്റ്റഡിയിലെടുക്കാൻ പോലീസിനായിട്ടില്ല.

ഇയാളെ ക്കുറിച്ച് വ്യക്തമായ വിവരം ലഭിച്ചിട്ടും വിദേശത്തുള്ള കുറ്റവാളിയെ സ്ഥലത്തെത്തിച്ച് നടപടിക്ക് വിധേയമാക്കാൻ സാധിക്കാത്തതിൽ ദുരൂഹതയുള്ളതായി ആരോപണമുണ്ട്. കൂടാതെ, ഇടുക്കിയിലെ വിനോദസഞ്ചാരത്തെ തകർക്കാനുള്ള നീക്കമാണിതിനു പിന്നിലെന്നും ആക്ഷേപമുണ്ട്.

സംഭവത്തെത്തുടർന്ന് അടച്ച അണക്കെട്ടിൽ സന്ദർശനം അനുവദിക്കണമെന്ന ആവശ്യം വ്യാപകമായി ഉയർന്നപ്പോൾ കഴിഞ്ഞ ഡിസംബറിൽ 20 ദിവസത്തെ സന്ദർശനാനുമതി നൽകി. ഇതാകട്ടെ കടുത്ത നിയന്ത്രണത്തിലുമായിരുന്നു.

ഒരു ദിവസം 500 പേർക്കു മാത്രമായി സന്ദർശകരെ ചുരുക്കുകയും ചെയ്തു. രാവിലെ പത്തിനും വൈകുന്നേരം അഞ്ചിനും ഇടയിലായി സന്ദർശന സമയം ചുരുക്കി. അതും 150 രൂപ ടിക്കറ്റ് ചാർജ് നൽകി ബഗ്ഗി കാറിൽ മാത്രമാക്കിയും നിജപ്പെടുത്തി.എന്നാൽ ഓരോ ദിവസവും ഈ നിയന്ത്രണങ്ങൾ അറിയാതെ വിദേശികളും വിവിധ ജില്ലകളിൽനിന്നുൾപ്പെടെ ആയിരങ്ങളാണ് ഇവിടെ എത്തിയിരുന്നത്. ഭൂരിഭാഗം പേരും സന്ദർശനം നടത്താനാകാതെ മടങ്ങുകയുമായിരുന്നു.

സുരക്ഷാ ഉദ്യോഗസ്ഥരുടെ വീഴ്ചയ്ക്ക് പൊതുജനങ്ങളോടും വ്യാപാര ടൂറിസം മേഖലയോടും കാണിക്കുന്നത് അധാർമികതയാണെന്ന് ആരോപണമുയർന്നിട്ടുണ്ട്.

## എസ്.പി.സി സംസ്ഥാന ക്യാമ്പിന് തുടക്കമായി

**തിരുവനന്തപുരം:** സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ സംസ്ഥാന വാർഷിക ക്യാമ്പിന് തിരുവനന്തപുരത്ത് തുടക്കമായി. ഒരാഴ്ച നീണ്ടു നിൽക്കുന്ന ക്യാമ്പ് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. സമൂഹത്തിന് ഗുണകരമാകുന്ന നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ എസ്.പി.സിക്ക് കഴിഞ്ഞെന്നും ഇന്ന് രാജ്യത്തിന് തന്നെ മാതൃകയാണ് ഈ പദ്ധതിയെന്നും മന്ത്രി പറഞ്ഞു.പേരൂർക്കട എസ്.എ.പി. ക്യാമ്പിൽ നടന്ന ചടങ്ങിൽ വി.കെ. പ്രശാന്ത് എം.എൽ.എ. അധ്യക്ഷനായി. സംസ്ഥാന പോലീസ് മേധാവി ഷേഖ് ദർവേഷ് സാഹിബ് ഐ.പി.എസ്, എസ്.പി.സി നോഡൽ ഓഫീസർ ആർ. നിശാന്തിനി ഐ.പി.എസ്, ഐ.ജി സ്പർജൻ കുമാർ ഐ.പി.എസ് തുടങ്ങിയവർ പങ്കെടുത്തു. 2,70,000 വിദ്യാർത്ഥികൾ ഇതുവരെ എസ്.പി.സി പദ്ധതിയിൽ പങ്കാളികളായിട്ടുണ്ട്.



## മുറ്റത്തൊരു മീൻ തോട്ടം' പദ്ധതി യാഥാർത്ഥ്യത്തിലേക്ക്

**കൊല്ലം:** വെട്ടിക്കവല ഗ്രാമപഞ്ചായത്ത് 202324 ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന 'മുറ്റത്തൊരു മീൻ തോട്ടം' പദ്ധതി യാഥാർത്ഥ്യത്തിലേക്ക്. ആദ്യകുളം സദാനന്ദപുരം വാർഡിൽ തെറ്റിയോട് വിജയൻ പിള്ളയുടെ വസ്തുവിലാണ് നിർമ്മിച്ചത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം പി സജീവ് മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് പദ്ധതി ഉദ്ഘാടനം ചെയ്യും. ഫിഷറീസ് വകുപ്പും, ഗ്രാമപഞ്ചായത്തും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. 8000 രൂപ ചെലവിൽ വീടിനോട് ചേർന്ന് 20 അടി നീളവും, 10 അടി വീതിയും, ഒരു മീറ്റർ താഴ്ച്ചയിലുമാണ് കുളം നിർമിക്കുന്നത് . മീൻകുഞ്ഞുങ്ങളെയും, തീറ്റയും സബ്സിഡിയായി ഫിഷറീസ് വകുപ്പ് നൽകും. മീൻ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കണ്ടെത്തി വിപണി ഒരുക്കുകയാണ് പദ്ധതി ലക്ഷ്യം.




## അർഹതപ്പെട്ട എല്ലാവർക്കും പട്ടയം ഉറപ്പാക്കാനാണ് സർക്കാർ ലക്ഷ്യം മന്ത്രി കെ രാജൻ

**തൃശൂർ:** ഭൂമി കൈവശമുള്ളവർക്ക് മാത്രമല്ല കേരളത്തിലെ ഭൂരഹിതരായ ഓരോ മനുഷ്യർക്കും പട്ടയം ഉറപ്പാക്കാനാണ് സർക്കാർ ലക്ഷ്യമെന്ന് റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. കെ രാജൻ. ഫെബ്രുവരി 22 ന് തൃശൂരിൽ നടക്കുന്ന സംസ്ഥാനതല പട്ടയമേളയിൽ ജില്ലയിലെ 3868 പേർക്ക് പട്ടയം നൽകും. സംസ്ഥാനതല പട്ടയമേളയുടെ സംഘാടകസമിതി രൂപീകരണ യോഗം സാഹിത്യ അക്കാദമി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

തൃശൂരിലെ സംസ്ഥാന തല പട്ടയമേള ഉദ്ഘാടന ചടങ്ങ് പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ പതിനാല് ജില്ലാ കേന്ദ്രങ്ങളിലും ഒരേ സമയം പട്ടയങ്ങൾ വിതരണം ചെയ്യും. എല്ലാവർക്കും ഭൂമി ഉറപ്പാക്കുന്ന ശ്രദ്ധേയമായ നടപടിക്രമങ്ങളിലേക്ക് റവന്യൂ വകുപ്പ് കടക്കുക്കുകയാണ്. രണ്ടര വർഷം കൊണ്ട് ഒന്നരലക്ഷം പട്ടയങ്ങൾ വിതരണം ചെയ്യാൻ സർക്കാരിന് സാധിച്ചു. ഭൂരഹിതരിതില്ലാത്ത കേരളം എന്ന സ്വപ്നം വിദൂരമല്ല.

മലയോര മേഖലയിലെ പട്ടയങ്ങൾക്ക് വേണ്ടി ലഭ്യമായ എല്ലാ ഭൂമിയും നൽകാനുള്ള നടപടികൾ സ്വീകരിച്ചു. വനഭൂമി പട്ടയങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഫെബ്രുവരി ഏഴിന് മന്ത്രി എ കെ ശശീന്ദ്രനൊപ്പം കേന്ദ്ര സർക്കാരിന്റെ വനം വകുപ്പ് കാബിനറ്റ് മന്ത്രിയെയും സഹമന്ത്രിയെയും കാണാൻ തീരുമാനിച്ചതായും മന്ത്രി അറിയിച്ചു. പരിവേഷ് പോർട്ടലിൽ നൽകിയ അപേക്ഷകൾ അതിവേഗം തീർപ്പാക്കാനും കേരളത്തിന് പുതിയതായി അപേക്ഷകൾ സമർപ്പിക്കാനും വേണ്ട നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുമെന്നും അദ്ദേഹം വ്യക്തമാക്കി. കേന്ദ്രത്തിന്റെ അനുമതി ആവശ്യമായ ജില്ലയിലെ മലയോര മേഖലയിലെ ഭൂമി, റവന്യൂ, സർവ്വേ തുടങ്ങിയ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സർവ്വേ പൂർത്തീകരിച്ച് പരിവേഷ് പോർട്ടലിൽ അയക്കാൻ കഴിയും വിധം സജ്ജമാക്കുമെന്നും മന്ത്രി അറിയിച്ചു.

തൃശൂർ തേക്കിൻകാടിൽ നടക്കുന്ന സംസ്ഥാനതല പട്ടയമേളയുടെ സംഘാടക സമിതി ചെയർമാൻ റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. കെ രാജൻ ആയിരിക്കും. പട്ടിക ജാതി, പട്ടിക വർഗ പിന്നോക്ക വിഭാഗം ക്ഷേമ വികസനം, ദേവസ്വം പാർലിമെന്ററികാര്യ വകുപ്പ് മന്ത്രി കെ രാധാകൃഷ്ണൻ, ഉന്നത വിദ്യാഭ്യാസം സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു എന്നിവർ രക്ഷാധികാരികളാവും. ടി എൻ പ്രതാപൻ എംപി, എംഎൽഎമാരായ പി ബാലചന്ദ്രൻ, എ സി മൊയ്തീൻ, എൻ കെ അക്ബർ, ഇ ടി ടൈസൻ മാസ്റ്റർ, സേവ്യർ ചിറ്റിലപ്പിള്ളി, വി ആർ സുനിൽകുമാർ, മുരളി പെരുനെല്ലി, സനീഷ് കുമാർ ജോസഫ്, കെ കെ രാമചന്ദ്രൻ, സി സി മുകുന്ദൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി എസ് പ്രിൻസ്, മേയർ എം കെ വർഗ്ഗീസ് എന്നിവർ വൈസ് ചെയർമാന്മാരായി പ്രവർത്തിക്കും. ജില്ലാ കലക്ടർ വി ആർ കൃഷ്ണതേജ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, ബ്ലോക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വിവിധ സംഘടന പ്രതിനിധികൾ, ജനപ്രതിധികൾ തുടങ്ങിയവരും സംഘാടക സമിതി അംഗങ്ങളാവും.

യോഗത്തിൽ ഇ ടി ടൈസൺ മാസ്റ്റർ എം എൽ എ അദ്ധ്യക്ഷനായി. ജില്ലാ കലക്ടർ വി ആർ കൃഷ്ണതേജ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി എസ് പ്രിൻസ്, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ ജില്ലാ അസോസിയേഷൻ സെക്രട്ടറിയുമായ കെ ആർ രവി, എഡിഎം ടി മുരളി, ബ്ലോക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## താത്ക്കാലികനിയമനം

**കൊല്ലം:** കരുനാഗപ്പള്ളി എഞ്ചിനിയറിങ് കോളജിൽ കമ്പ്യൂട്ടർ സയൻസ് എഞ്ചിനിയറിങ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറുടെ താത്കാലിക ഒഴിവിലേക്ക് അപേക്ഷിക്കാം. യോഗ്യത: ബന്ധപ്പെട്ട വിഷയത്തിൽ ഫസ്റ്റ് ക്ലാസ്സോടെയുള്ള ബിടെക്കും എംടെക്കും ആണ്.

യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഫെബ്രുവരി ആറ് രാവിലെ 10.30 ന് പ്രിൻസിപ്പാൾ മുമ്പാകെ എഴുത്തുപരീക്ഷ/ ഇന്റർവ്യൂവിന് ഹാജാരാകണം. വിവരങ്ങൾക്ക്: ഫോൺ: 04762666160, 2665935.

# അപൂർവ രോഗങ്ങൾക്കുള്ള സമഗ്ര പരിചരണ പദ്ധതിയുമായി കേരളം

- സംസ്ഥാന അപൂർവ രോഗ പരിചരണ പദ്ധതി കെയർ
- ഫെബ്രുവരി 6ന് മുഖ്യമന്ത്രി പ്രഖ്യാപിക്കും

**തിരുവനന്തപുരം:** അപൂർവ രോഗ പരിചരണത്തിനായി കെയർ (ഗഅഞല: ഗല്യമഹമ അഴമശിലെ ഞമൃല ഉശലെമലെ) എന്ന പേരിൽ സമഗ്ര പദ്ധതി കേരളം ആരംഭിക്കുന്നു. രോഗങ്ങൾ പ്രതിരോധിക്കാനും, നേരത്തെ കണ്ടെത്താനും, ചികിത്സകൾ ലഭ്യമായ സാഹചര്യങ്ങളിൽ അവ ലഭ്യമാക്കാനും, മരുന്നുകൾ കൂടാതെ സാധ്യമായ തെറാപ്പികൾ, സാങ്കേതിക സഹായ ഉപകരണങ്ങൾ ലഭ്യമാക്കുക, ഗൃഹ കേന്ദ്രീകൃത സേവനങ്ങൾ ഉറപ്പ് വരുത്തുക, മാതാപിതാക്കൾക്കുള്ള മാനസിക, സാമൂഹിക പിന്തുണ ഉറപ്പ് വരുത്തുക തുടങ്ങിയ സേവനങ്ങൾ ഉൾക്കൊള്ളുന്ന സമഗ്ര പരിചരണ പദ്ധതിയാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്.

കെയർ പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനവും 61 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടേയും 31 ഐസൊലേഷൻ വാർഡുകളുടേയും സംസ്ഥാനതല ഉദ്ഘാടനവും ഫെബ്രുവരി 6ന് വൈകുന്നേരം 3.30ന് തിരുവനന്തപുരം ടാഗോർ തീയറ്ററിൽ വച്ച് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ്, വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻ കുട്ടി എന്നിവർ മുഖ്യാതിഥികളാകും.

അപൂർവരോഗ ചികിത്സാ രംഗത്തെ കേരളത്തിന്റെ നിർണായക ചുവടുവയ്പ്പാണിതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. അപൂർവ രോഗങ്ങളുടെ ചികിത്സയ്ക്കായി ആദ്യമായി എസ്.എ.ടി. ആശുപത്രിയിൽ എസ്.എം.എ. ക്ലിനിക് ആരംഭിച്ചു. അതിന് പിന്നാലെ അപൂർവ രോഗങ്ങൾക്ക് വിലപിടിപ്പുള്ള മരുന്നുകൾ നൽകാനുള്ള പദ്ധതിയും ലൈസോസോമൽ സ്റ്റോറേജ് രോഗങ്ങൾക്ക് മരുന്ന് നൽകുന്ന പദ്ധതിയും നടപ്പിലാക്കി. രണ്ട് പദ്ധതികളിലുമായി 61 കുട്ടികൾക്ക് മരുന്ന് നൽകി. എസ്.എ.ടി. ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസായി തെരഞ്ഞെടുത്തിരുന്നു. ഈ പദ്ധതിയിലൂടെ ഒരു രോഗിക്ക് പരമാവധി 50 ലക്ഷം രൂപ വരെയുള്ള ചികിത്സയാണ് നൽകാൻ കഴിയുന്നത്. എന്നാൽ പല രോഗങ്ങളുടെയും നിലവിലെ ചികിത്സകൾക്ക് ഈ തുക മതിയാകില്ല എന്നതാണ് യാഥാർഥ്യം. ഇത് കൂടി മുന്നിൽ കണ്ടാണ് സർക്കാർ അപൂർവ രോഗങ്ങൾക്കുള്ള സമഗ്ര പരിചരണ പദ്ധതി നടപ്പിലാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.



## മൊബിലിറ്റിയുടെ ഭാവി സംരംഭങ്ങൾ അവതരിപ്പിച്ച് ടിവിഎസ് മോട്ടോർ കമ്പനി

**കൊച്ചി:** ഇരുചക്ര, മുച്ചക്ര വാഹന രംഗത്തെ പ്രമുഖ നിർമാതാക്കളായ ടിവിഎസ് മോട്ടോർ കമ്പനി ആഗോള വിപണിക്കായുള്ള മെയ്ഡ് ഇൻ ഇന്ത്യ സംരംഭങ്ങൾ ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ 2024ൽ പ്രധാനമന്ത്രിക്കു മുൻപിൽ അവതരിപ്പിച്ചു.

ഏകദേശം ഒരു ബില്ല്യൻ ഡോളറാണ് കമ്പനിയുടെ കയറ്റുമതി. 80 രാജ്യങ്ങളിൽ സാന്നിദ്ധ്യമുള്ള കമ്പനിയുടെ ആകെ ബിസിനസിൻറെ 30 ശതമാനം വരും ഇത്. മികച്ചതും, കണക്റ്റഡും സാങ്കേതിക മികവാർന്ന മൊബിലിറ്റി പരിഹാരങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന കമ്പനി ആത്മനിർഭർ ഭാരതിനെ പിന്തുണയ്ക്കുന്നു. അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ കയറ്റുമതി 50 ശതമാനത്തിലെത്തിക്കും.

ഭാവിയിലെ സാങ്കേതികവിദ്യകൾ, ഉൽപ്പന്നങ്ങൾ, ഡിജിറ്റൽ കഴിവുകൾ എന്നിവയുടെ രൂപകൽപ്പന, വികസനം, വിന്യാസം എന്നിവയ്ക്കായി 5,000 കോടി രൂപ നിക്ഷേപിക്കുന്നതിനുള്ള കമ്പനിയുടെ പ്രതിബദ്ധത ടിവിഎസ് മോട്ടോർ കമ്പനി മാനേജിങ് ഡയറക്ടർ സുദർശൻ വേണു ആവർത്തിച്ചു.



## എസ്ഐബി ഇഗ്നൈറ്റ് ക്വിസത്തോണിൽ ഗുവാഹത്തി മെഡിക്കൽ കോളെജ് ജേതാക്കൾ

**കൊച്ചി:** രാജ്യത്തുടനീളമുള്ള കോളെജ് വിദ്യാർത്ഥികൾക്കായി സൗത്ത് ഇന്ത്യൻ ബാങ്ക് സംഘടിപ്പിച്ച 'എസ്ഐബി ഇഗ്നൈറ്റ് ക്വിസത്തോൺ' ഗ്രാൻഡ് ഫിനാലെയിൽ ഗുവാഹത്തി മെഡിക്കൽ കോളെജ് & ഹോസ്പിറ്റിൽസ് നിന്നുള്ള ടീം ക്യൂരിയസ് ഡോക്സ് ദേശീയ ജേതാക്കളായി. ജയ്പൂർ എൽഎൻഎംഐഐടിയിൽ നിന്നുള്ള ടീം നിയാൻഡർതാൽസ് രണ്ടാം സ്ഥാനവും ബെംഗളൂരു ക്രൈസ്റ്റ് യൂനിവേഴ്സിറ്റിയിൽ നിന്നുള്ള ടീം ക്വിസ്സേഴ്സ് മൂന്നാം സ്ഥാനവും നേടി. ഒന്നര ലക്ഷം രൂപയാണ് ഒന്നാം സ്ഥാനക്കാരുടെ സമ്മാനത്തുക. രണ്ടും മൂന്നും സ്ഥാനം നേടിയ ടീമുകൾക്ക് യഥാക്രമം ഒരു ലക്ഷം രൂപയും, 60000 രൂപയും സമ്മാനമായി നൽകി.

ബെംഗളൂരുവിലെ സെന്റ് ജോസഫ്സ് യൂനിവേഴ്സിറ്റിയിൽ നടന്ന ഗ്രാൻഡ് ഫിനാലെയിൽ സൗത്ത് ഇന്ത്യൻ ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ചീഫ് ബിസിനസ് ഒഫീസറുമായ തോമസ് ജോസഫ് കെ. ആമുഖ പ്രഭാഷണം നടത്തി. കർണാടക ഫുഡ് ആന്റ് സിവിൽ സപ്ലൈസ് കോർപറേഷൻ ലിമിറ്റഡ് എംഡി ഗ്യാനേന്ദ്ര കുമാർ ഗാങ്വാർ ഐഎഎസ് മുഖ്യ പ്രഭാഷണം നടത്തി. സെന്റ് ജോസഫ്സ് യൂനിവേഴ്സിറ്റി വൈസ് ചാൻസലർ റവ. ഡോ. ഫാദർ വിക്ടർ ലോബോ എസ്.ജെ, സൗത്ത് ഇന്ത്യൻ ബാങ്ക് എസ്ജിഎമ്മും സിഐഒയുമായ സോണി എ., ജോയിന്റ് ജനറൽ മാനേജറും ചീഫ് മാർക്കറ്റിങ് ഓഫീസറുമായ അസ്മത് ഹബീബുള്ള, ബെംഗളൂരു റീജനൽ ഹെഡ് രേഖ വി.ആർ. എന്നിവർ പങ്കെടുത്തു.

പ്രാഥമിക റൗണ്ടിലെ വിജയികൾ സോണൽ റൗണ്ടുകളിലേക്കും തുടർന്നുള്ള വിജയികൾ ദേശീയ ചാമ്പ്യൻ പട്ടത്തിനായുള്ള ഗ്രാൻഡ് ഫിനാലെയിലുമെത്തി. ഐഐഎം അഹമ്മദാബാദിൽ നിന്നുള്ള ടീം മാർക്ക് മെൻ, ആർടിഎം നാഗ്പൂർ യൂനിവേഴ്സിറ്റിയിൽ നിന്നുള്ള ടീം ട്യൂറിങ്, ഐഐടി പാലക്കാടിൽ നിന്നുള്ള ടീം ബാറ്റ്മാൻ ആന്റ് റോബിൻ, ചങ്ങനാശ്ശേരി എസ് ബി കോളെജിൽ നിന്നുള്ള ടീം കെയ്നീസിയൻസ്, പോപ് ജോൺ പോൾ കക കോളെജ് ഓഫ് എജുക്കേഷനിൽ നിന്നുള്ള ടീം ആർഎം ഗേൾസ് എന്നീ ടീമുകളാണ് വിജയികൾക്കു പുറമെ ഗ്രാൻഡ് ഫിനാലെയിൽ മാറ്റുരച്ച മറ്റു ടീമുകൾ. പിനാക്കിൾ ആയിരുന്നു എസ്ഐബി ഇഗ്നൈറ്റ് ക്വിസത്തോണിന്റെ അസോസിയെറ്റ് പാർട്നർ.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% CUSTOMER SATISFACTION GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663